**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2954** **13-10-2021 - ൽ മറുപടിയ്ക്ക്**

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ പരിവർത്തനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ,<br>ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. പി. നന്ദകുമാർ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യത്തൊഴിലാളികൾക്ക് സാങ്കേതിക പിന്തുണയും അടിസ്ഥാന സൗകര്യവികസനവും ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നത്; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും പദ്ധതി, നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി, ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെയുള്ള ആധുനിക മത്സ്യമാർക്കറ്റുകൾ സ്ഥാപിക്കൽ എന്നിവ നടപ്പിലാക്കിവരുന്നു. മേൽ പദ്ധതികളിൽ വ്യക്തിഗത ഫ്ളാറ്റുകൾ, വിദ്യാഭ്യാസ ആരോഗ്യ സ്ഥാപനങ്ങൾ, മത്സ്യമാർക്കറ്റുകൾ, ഫിഷ് ഫാമുകൾ, ഫിഷ് ലാന്റിംഗ് സെന്ററുകൾ എന്നിവയുടെ നിർമ്മാണം ഉൾപ്പെടുന്നു. |
| (ബി) | കോർപ്പറേഷന്റെ പരിവർത്തനം പദ്ധതിക്കുകീഴിൽ മത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനും വിതരണത്തിനും പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) | കോർപ്പറേഷന്റെ പരിവർത്തനം പദ്ധതി പ്രകാരം സിഫ്റ്റിന്റെ സാങ്കേതിക സഹായത്തോടെ ശുദ്ധമായ മത്സ്യം, മൂല്യവർദ്ധിത മത്സ്യ ഉല്പന്നങ്ങൾ എന്നിവയുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. ആദ്യഘട്ടമായി കൊല്ലം ജില്ലയിലാണ് ഇവ ലഭ്യമാക്കിയിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ മത്സ്യബന്ധനം, വിതരണം, തൊഴിൽമേഖല, തീരദേശ ജനജീവിതം എന്നിവയിൽ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാനത്ത് കൊല്ലം ജില്ലയിൽ മത്സ്യമാർക്കറ്റ് കേന്ദ്രീകരിച്ച് മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിനായി പൈലറ്റ് വ്യവസ്ഥയിലാണ് പരിവർത്തനം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന മാറ്റങ്ങൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ